4. വടകര താലൂക്ക്-10017.42 ഏക്കർ

(സി) 10.5173 ഏക്കർ.

റബ്ബറിന്റെ വില തകർച്ച

210 (1586) ശ്രീ. കെ. സുരേഷ് കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2006-07 വർഷം മുതൽ ഇതേ വരെയുള്ള ഓരോ വർഷവും സംസ്ഥാനത്തെ റബ്ബർ ഉല്പാദനം സംബന്ധിച്ച വിശദാംശങ്ങൾ വെളിപ്പെടുത്താമോ;

(ബി) റബ്ബറിന്റെ വിലത്തകർച്ച റബ്ബറിന്റെ ഉല്പാദനത്തെ ബാധിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(സി) 2006-07 വർഷം മുതൽ ഇതേ വരെയുള്ള ഓരോ വർഷവും സംസ്ഥാനത്തെ റബ്ബറിന്റെ ശരാശരി വില എത്രയായിരുന്നു;

(ഡി) റബ്ബറിന്റെ വില തകർച്ച സംസ്ഥാനത്തിന്റെ സമ്പദ് വ്യവസ്ഥയിൽ ഏത് തരത്തിലുള്ള പ്രശ്നങ്ങളാണ് സൃഷ്ടിച്ചത്; കൃഷിക്കാർക്ക് ഈ കാലയളവിൽ ഉണ്ടായ ശരാശരി നഷ്ടം വെളിപ്പെടുത്താമോ;

(ഇ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇതേ വരെ ഓരോ വർഷവും റബ്ബറിന്റെ വില തകർച്ചമൂലം പ്രയാസപ്പെട്ട റബ്ബർ കൃഷിക്കാരന് റബ്ബർ സംഭരണ ഇനത്തിൽ ടഷറിയിൽ നിന്നും പിൻവലിച്ച തുക എത്ര?

ഉത്തരം

(എ) 2006-07 വർഷം മുതൽ സംസ്ഥാനത്തെ റബ്ബർ ഉൽപ്പാദനം സംബന്ധിച്ച കണക്ക് ചുവടെ ചേർത്തിരിക്കുന്നു:

ക്രമ നമ്പർ	വർഷം	ഉൽപ്പാദനം (ടൺ)
1	2	3
1	2006-07	780405
2	2007-08	753135
3	2008-09	783485
4	2009-10	745510
5	2010-11	770580

LIBRARY ARCHIVES Kerala Legislative Assembly

1	2	3
6	2011-12	798940
7	2012-13	800050
8	2013-14	648220
9	2014-15	507700

(ബി) 2013-14, 2014-15 വർഷങ്ങളിൽ റബ്ബറിന്റെ ഉൽപ്പാദനം കുറഞ്ഞതായി കാണുന്നു.

(സി) 2006-07 വർഷം മുതൽ RSS-4 ഇനത്തിലുള്ള സ്വാഭാവിക റബ്ബറിന്റെ ശരാശരി ആഭ്യന്തര വിപണി വില ചുവടെ ചേർക്കുന്നു:

ക്രമ നമ്പർ	വർഷം	ശരാശരി ആഭ്യന്തര വിപണി വില (രൂപ/കി.ഗ്രാം)
1	2006-07	92.04
2	2007-08	90.85
3	2008-09	101.12
4	2009-10	114.98
5	2010-11	190.03
6	2011-12	208.05
7	2012-13	176.82
8	2013-14	166.02
9	2014-15	132.57

2015-16-ലെ പ്രതിമാസ ശരാശരി വിപണി വില വിവരം ചുവടെ ചേർത്തിരിക്കുന്നു:

മാസം, വർഷം	RSS-4 റബ്ബറിന്റെ പ്രതിമാസ വിപണി വില (രൂപ/കി.ഗ്രാം)
1	2
2015 ഏപ്രിൽ	120.58
2015 മേയ്	125.10

LIBRARY ARCHIVES Kerala Legislative Assembly

1	2
2015 ജൂൺ	130.98
2015 ജൂലൈ	125.37
2015 ഓഗസ്റ്റ്	116.65
2015 സെപ്റ്റംബർ	112.18
2015 ഒക്ടോബർ	114.10
2015 നവംബർ	109.54
2015 ഡിസംബർ	102.79
2016 ജനുവരി	97.80

(ഡി) റബ്ബറിന്റെ വിലത്തകർച്ച സംസ്ഥാനത്തിന്റെ സമ്പദ് വ്യവസ്ഥയിൽ പ്രശ്നങ്ങൾ സൃഷ്ടിച്ചതായി കാണുന്നില്ല. കൃഷിക്കാർക്ക് ഈ കാലയളവിലുണ്ടായ ശരാശരി നഷ്ടം കണക്കാക്കിയിട്ടില്ല.

(ഇ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം റബ്ബർ വിലത്തർച്ച പരിഹരിക്കുന്നതിനുള്ള പദ്ധതികൾക്കായി കൃഷിവകുപ്പിന്റെ ശീർഷകങ്ങളിൽനിന്നും ട്രഷറിയിലൂടെ പിൻവലിച്ച തുകയുടെ കണക്ക് ചുവടെ ചേർത്തിരിക്കുന്നു:

ക്രമ നമ്പർ	വർഷം	ട്രഷറിയിൽനിന്നും പിൻവലിച്ച തുക (കോടി രൂപ)
1	2013-14	4
2	2014-15	12.00
3	2015-16	101.00 ബന്ധപ്പെട്ട അക്കൗണ്ടിലേയ്ക്ക് ക്രെഡിറ്റ് ചെയ്തു. 50.00 ബന്ധപ്പെട്ട അക്കൗണ്ടിലേയ്ക്ക് ക്രെഡിറ്റ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

പിലിക്കോട് കാർഷിക ഗവേഷണ കേന്ദ്രം

211 (1587) <u>ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ പിലിക്കോട് കാർഷിക ഗവേഷണ കേന്ദ്രത്തിലെ ജീവനക്കാരുടെ കുറവ് പരിഹരിക്കാൻ എന്തു നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly